"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - LID&EW - ജീവനക്കാര്യം - തിരുവനന്തപുരം ജില്ല പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി. സുമിത. ജി. കെ [PEN No.628145] -യെ ഒരു വർഷത്തേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിൽ ഇംപാക്ട് കേരള ലിമിറ്റഡിൽ നിയമിച്ച് ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ(ഇഡബ്ല്യൂബി) വകുപ്പ്

സ.ഉ.(സാധാ) നം.2117/2024/LSGD തീയതി,തിരുവനന്തപുരം, 06-11-2024

---

പരാമർശം:-
1. 24.05.2019-ലെ സ.ഉ(കൈ)നം.53/2019/തസ്വഭവ നമ്പർ ഉത്തരവ്.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 17.10.2024-ലെ LSGD / PD / 35531 / 2024 - DEA6 നമ്പർ കത്ത്.
3. പ്രൊജക്ട് ഡയറക്ടറുടെ 18.10.2024-ലെ IMPACT/107/2023-ACCOUNTS നമ്പർ കത്ത്.

**ഉത്തരവ്**

ഇംപാക്ട് കേരള ലിമിറ്റഡ് ഏറ്റെടുത്ത് നടത്തിവരുന്ന പദ്ധതികൾ വിവിധ ഘട്ടങ്ങളിലാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി സുമിത ജി. കെ സേവനമനുഷ്ഠിച്ചിരുന്ന കാലത്ത് ടി പ്രോജക്ടുകൾ വിജയകരമായി കൈകാര്യം ചെയ്തിട്ടുണ്ടെന്നും, മാത്രവുമല്ല ശ്രീമതി. സുമിത ജി. കെ-യുടെ യോഗ്യതയും അനുഭവപരിചയവും പ്രോജക്ട് മാനേജർ (സ്ട്രക്ചറൽ എഞ്ചിനീയറിംഗ്) തസ്തികയ്ക്ക് അനിവാര്യമാണെന്നും ആയതിനാൽ ടിയാൾക്ക് ഇംപാക്ട് കേരള ലിമിറ്റഡിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നൽകണമെന്നും പരാമർശം (3) പ്രകാരം പ്രൊജക്ട് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി. ടിയാളെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന് എതിർപ്പില്ലായെന്ന് തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം(2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ല പോത്തൻകോട്

ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി. സുമിത. ജി. കെ-യെ നിലവിലെ അന്യത്രസേവന വ്യവസ്ഥകൾക്കും കെ.എസ്.ആർ ചട്ടം 140 (സി)-യിലെ നിബന്ധനകൾക്കും വിധേയമായി ഒരു വർഷത്തേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിൽ ഇംപാക്ട് കേരള ലിമിറ്റഡിൽ പ്രോജക്ട് മാനേജർ (സ്ട്രക്ചറൽ എഞ്ചിനീയറിംഗ്) തസ്തികയിൽ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഷറഫ് എ
അണ്ടർ സെക്രട്ടറി

പകർപ്പ് :

1. പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.
2. ചീഫ് എഞ്ചിനീയർ,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ്) തൃശ്ശൂർ.
4. ശ്രീമതി. സുമിത. ജി. കെ, അസിസ്റ്റന്റ് എഞ്ചിനീയർ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
5. പ്രൊജക്ട് ഡയറക്ടർ, ഇംപാക്ട് കേരള ലിമിറ്റഡ്,തിരുവനന്തപുരം.
6. എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
7. വെബ് & ന്യൂ മീഡിയ ,വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ / ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 06-11-2024 15:10:32